## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1973

22-01-2014 ൽ മറുപടിയ്ക്ക്

## എക്സൈസ് സേനയ്ക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;<br><br>ബി) നിലവിലുള്ള എക്സൈസ് നിയമ ങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ഇൻ സർവ്വീസ് പരിശീലനം നൽകുന്നുണ്ടോ ; | എ) യും ബി) യും<br>ഉണ്ട്. തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിൽ, 90 പ്രവർത്തി ദിവസം നീണ്ടു നിൽക്കുന്ന പ്രാഥമിക പരിശീലനം, 100 സിവിൽ എക്സൈസ് ഓഫീസർമാർക്ക് വീതം നൽകി വരുന്നു. കൂടാതെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) – ന്റെ സഹകരണത്തോടെ അഞ്ച് ദിവസം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം നൽകി വരുന്നു. എക്സൈസ് അക്കാദമിയിൽ ആയുധ പരിശീലനത്തിന് സൗകര്യം ഇല്ലാത്തതിനാൽ, പ്രിവന്റീവ് ഓഫീസർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക്, കേരള പോലീസ് അക്കാദമിയിലും, പോലീസ് ട്രെയിനിംഗ് കോളേജിലും വച്ച് ആയുധ പരിശീലനം നൽകി വരുന്നു. കൂടാതെ, പരിശീലനം ലഭിക്കാത്ത എക്സൈസ് ഡ്രൈവർമാർക്കും ഫെബ്രുവരി മാസത്തോടുകൂടി പരിശീലനം നൽകുന്നതിനുള്ള തയ്യാറെടുക്കലുകൾ നടത്തിവരുന്നു. |
| സി) എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) യും ഡി) യും<br>ഉണ്ട്. എക്സൈസ് വകുപ്പിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന്, ജില്ലാ തലത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, മേഖലാതലത്തിൽ ജോയിന്റ് എക്സൈസ് കമ്മീഷണർമാരും, സംസ്ഥാനതലത്തിൽ അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം), അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), എക്സൈസ് കമ്മീഷണർ എന്നിവരും പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ, എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ എക്സൈസ് വിജിലൻസ് വിഭാഗവും, ഒരോ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗവും, എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ